**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 91** | **27-07-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക ഉൽപ്പന്നങ്ങളുടെ വില സ്ഥിരത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരഞ്ഞെടുത്ത കാർഷിക ഉൽപ്പന്നങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കാൻ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിന് വിവിധ ക്രമീകരണങ്ങളാണ് സംസ്ഥാന കൃഷി വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നത്. 26/10/2020 ലെ G.O.(Ms) 80/2020/Agri നം. ഉത്തരവ് പ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതി നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരള ത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില അനുബന്ധമായി ചേർക്കുന്നു. കൃഷി വകുപ്പിന്റെ Agriculture Information Management System എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുന്നു. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച അടിസ്ഥാന വിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് നേരിട്ട് (DBT) യായി നൽകുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ ഈ ഇനത്തിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും ചെയ്തു. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പ് നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ 1884 മാർക്കറ്റുകളേയും ഏകോപിപ്പിച്ചുകൊണ്ടു കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തി വരുന്നു. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ മാർക്കറ്റുകൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ വാങ്ങാനും അതിലൂടെ വില സ്ഥിരത ഉറപ്പാക്കാൻ കഴിയുകയും ചെയ്യുന്നു. |
| (ബി) | കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഉത്സവകാലങ്ങളിൽ പച്ചക്കറികൾ സംഭരിക്കുന്നതിനുമായി വിപണി ഇടപെടൽ നടത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഉത്സവ കാലങ്ങളിൽ പ്രത്യേകിച്ച് ഓണം, വിഷു കാലയളവിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണികളിൽ നിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയെക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും പൊതു വിപണിയിലെ വിൽപ്പന വിലയിൽ നിന്നും 30% കുറഞ്ഞ വിലയ്ക്ക് ഇവ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതുമാണ്. ഹോർട്ടികോർപ്പ്, VFPCK, കൃഷി വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് സംഭരണം ഏകോപിപ്പിക്കുന്നത്. ഓണം സമൃദ്ധി 2021 നടത്തുന്നതിലേക്കായി 19/07/2021 ലെ G.O. (Rt) 602/2021/Agri പ്രകാരം 21 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലേക്കായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2000 മാർക്കറ്റുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത്. |
| (സി) | ഇത്തരം പ്രവർത്തനങ്ങൾക്ക് സംഭരണ ശാലകളുടെ കുറവ് ഒരു കാരണമായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | ഇത്തരം പ്രവർത്തനങ്ങൾക്ക് സംഭരണശാലകളുടെ കുറവ് ഉണ്ട്. ആയത് പരിഹരിക്കുവാൻ ജില്ലാതല സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ വാങ്ങുന്നതിന് 112 ലക്ഷം രൂപയുടെ ഭരണാനുമതിയും കണ്ടൈനർ മോഡൽ വിൽപനശാലകൾ ആരംഭിക്കുന്നതിന് 252 ലക്ഷം രൂപയുടെ ഭരണാനുമതിയും, സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന വിപണന വാഹനം സജ്ജമാക്കുന്നതിന് 48 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. സംഭരിച്ച ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി മാറ്റുന്നതിന് 50 ലക്ഷം രൂപ വകയിരിത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതുകൂടാതെ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ഉപയോഗിച്ച് വകുപ്പ് വഴിയും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴിയും സംഭരണ ശാലകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംവിധാനങ്ങളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ രൂപീകരിച്ച് (എഫ്.പി.ഒ) ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ